നം.CEIA/4452/2022-D6

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം
തീയതി : 05-07-2025

**സർക്കുലർ**

വിഷയം: - ജലസേചനം - ജീവനക്കാര്യം –പലിശ രഹിത ചികിത്സാ വായ്പ ക്രമീകരിക്കുന്നത് സംബന്ധിച്ച്-

സൂചന :- (1) 27/09/2021 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ1071/2001/ധന
(2) 24/09/2022 തീയതിയിലെ 82/2022/ധന. നമ്പർ പരിപത്രം
(3) 29/07/2024 തീയതിയിലെ എ1/386/2018 ജവിവ നമ്പർ സർക്കാർ കത്ത്.

സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം അടിയന്തിര പ്രാധാന്യമുള്ള ചികിത്സകൾക്കായി സർക്കാർ ജീവനക്കാർക്ക് പലിശ രഹിത ചികിത്സാ വായ്പ സർക്കാരിൽ നിന്നും അനുവദിച്ചു നൽകാറുണ്ട്. ചികത്സ പൂർത്തിയായതിനു ശേഷം അപേക്ഷാ തീയതി മുതൽ ചെലവായ തുകയുടെ ബില്ലുകൾ,അനുവദിച്ച തുകയിൽ പണം ബാക്കിയുണ്ടെങ്കിൽ ആയത് ട്രഷറിയിൽ തിരിച്ചടച്ചതിന്റെ ചെലാൻ, എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്, ഡിക്ലറേഷൻ എന്നിവ സഹിതം, വകുപ്പ് അധ്യക്ഷൻ മുഖാന്തിരം സർക്കാരിലേക്ക് സമർപ്പിച്ച് പലിശ രഹിത ചികിത്സാവായ്പ ക്രമീകരിക്കേണ്ടതായിട്ടുണ്ട്.

എന്നാൽ പലിശ രഹിത ചികിത്സാവായ്പ എടുക്കുകയും ആയത് സർക്കാരിന്റെ അനുമതി ലഭിക്കാതെ, വകുപ്പ് തലവൻ അറിയാതെ, സ്വയമേവ, ചില കാര്യാലയങ്ങളിൽ ക്രമീകരിക്കുന്ന നടപടി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. പലിശ രഹിത ചികിത്സാവായ്പ ക്രമീകരിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ സർക്കാർ അനുമതി തേടാതെ പലിശ രഹിത ചികിത്സാവായ്പ ക്രമീകരിക്കുന്ന ഉദ്യോഗസ്ഥർക്ക് മേൽ വകുപ്പ് തലത്തിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

Signed by Sreedevi P
Date: 05-07-2025 16:13:47
ചീഫ് എഞ്ചിനീയർ
(പൂർണ്ണ അധികചുമതല)

പകർപ്പ്:-

- വിജിലൻസ് സെക്ഷൻ
- ഐ.ടി സെൽ
- എ സെക്ഷൻ